# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : T 2022*

*07/03/2017 -ൽ മറുപടിക്ക്*

## കോവളം-കൊല്ലം കനാൽ

**ചോദ്യം**

**ശ്രീ. കെ.എം.ഷാജി**

എ. കോവളം - കൊല്ലം കനാൽ ഗതാഗത യോഗ്യമാക്കുന്ന പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിശദവിവരം നൽകാമോ ;

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

എ. 74.18 കി.മി. ദൂരമുള്ള കോവളം-കൊല്ലം ജലപാതയിൽ വർക്കല-അഞ്ചുതെങ്ങ് ഭാഗത്ത് 13 പ്രവൃത്തികൾ പല ഭാഗങ്ങളിലായി നടന്നു വരുന്നു. അതിൽ 5 പ്രവൃത്തികൾ നിർത്തലാക്കിയിട്ടുണ്ട്. രണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ആറ് പ്രവൃത്തികൾ പുരോഗതിയിലുമാണ്. കോവളം-ആക്കുളം വരെയുള്ള പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക്ക് (NATPAC) നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു. ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെയുള്ള 7.86 കി.മീ. ദൂരമുള്ള കൊല്ലം തോടിന്റെ 2 കി.മീ. ഭാഗത്തെ ആഴം കൂട്ടൽ പൂർത്തിയാക്കിയിട്ടുണ്ട്. 3.5 കി.മി. ഭാഗത്തെ 9.20 കോടി രൂപ ചെലവുള്ള ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കച്ചിക്കടവു മുതൽ ജലകേളി കേന്ദ്രം വരെയുള്ള ഭാഗത്തെ വികസന പ്രവൃത്തികൾക്കായി 5 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചിറയിൻകീഴ് പഞ്ചായത്തിൽ കടകം, വടക്കേ അരയത്തുരുത്ത്, തെക്കേ അരയത്തുരുത്ത് ഭാഗങ്ങളിൽ 2 വരി റോഡ് ബ്രിഡ്ജിന്റെ നിർമ്മാണത്തിനായുള്ള 3 പ്രവൃത്തികൾക്കായി യഥാക്രമം 6 കോടി, 7.6 കോടി, 6 കോടി എന്നിങ്ങനെ ആകെ 19.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി. എസ്. കനാലിന്റെ കുറുകെ കൊല്ലം

കല്ലപാലത്തിന്റെ പുനർനിർമ്മാണത്തിനായി 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| **ബി.** പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2001 - 2006, 2006 - 2011, 2011 - 2016 കാലയളവുകളിൽ എന്തൊക്കെ പണികൾ ഏറ്റെടുത്തുവെന്നും ഇതിനായി ഓരോ കാലഘട്ടത്തിലും എത്ര തുക ചെലവായെന്നും വെളിപ്പെടുത്തുമോ ; | **ബി.** 2001 - 2016 വരെയുള്ള കാലയളവിലെ പ്രവൃത്തികളും ചെലവായ തുകയും അനുബന്ധമായി ചേർക്കുന്നു. |
| **സി.** പ്രസ്തുത ജലപാതയുടെ മൊത്തം നീളം എത്രയാണെന്നും എത്ര ദൂരം ഗതാഗതയോഗ്യമാണെന്നും വ്യക്തമാക്കുമോ ? | **സി.** പ്രസ്തുത ജലപാതയ്ക്ക് 74.18 കി.മി. നീളമുണ്ട്. അതിൽ 27.50 കി.മി. ദൂരം ഗതാഗതയോഗ്യമാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്